**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 606** | **23-07-2021 - ൽ മറുപടിയ്ക്ക്**

**സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സിനിമാ മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും സംബന്ധിച്ച ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിന്മേൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സിനിമാ മേഖലയിലെ സ്ത്രീകൾ തൊഴിൽപരമായ വിവേചനവും ലിംഗ വിവേചനവും നേരിടുന്നതായി കമ്മീഷൻ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സിനിമാ മേഖലയിൽ കാസ്റ്റിംഗ് കൗച്ച്, ലഹരി ഉപയോഗം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രശ്നങ്ങൾ അവസാനിപ്പിക്കുന്നതിനായി എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | ഉണ്ട്. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ എന്നിവ മുഖേന ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്. ഇതിനു പുറമേ ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അനുസരിച്ച് സിനിമ, ടെലിവിഷൻ, സീരിയൽ മേഖലയിലെ തർക്ക പരിഹാരങ്ങൾക്കും ഗുണപരമായ മാർഗനിർദ്ദേശങ്ങൾക്കും സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കെതിരെയുള്ള ചൂഷണം തടഞ്ഞ് സംരക്ഷണം നൽകുന്നതിനും നിയമപരമായ അധികാരങ്ങളോടെ ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്ന കാര്യവും പരിശോധിച്ചു വരുന്നു. |
| (ഡി) | സിനിമാ മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ഗൗരവതരമായ നിരീക്ഷണങ്ങളുള്ള പ്രസ്തുത റിപ്പോർട്ടിന്മേൽ അടിയന്തരമായി തുടർ നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യത്തിൽ പ്രത്യേക പ്രാധാന്യം നൽകി തുടർനടപടികൾ സ്വീകരിച്ച് വരികയാണ്. ഈ സർക്കാർ വന്നതിനുശേഷം ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം 13.07.2021-ന് സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, ചലച്ചിത്ര അക്കാദമി, ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവയുടെ പ്രതിനിധികൾ നിയമവകുപ്പ് സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം ചേരുകയും ഹേമ കമ്മിറ്റി |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് ചർച്ച ചെയ്യുകയും ചെയ്തു. ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്നതിന്റെ നിയമവശങ്ങൾ പരിശോധിക്കുന്നതിന് സാധ്യത ആരായുന്നതിനും നിയമവകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ